പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1832 | 05.12.2014 ൽ മറുപടിയ്ക്ക് |
|---|---|
| സമഗ്ര പോഷകാഹാര പദ്ധതി | |
| ചോദ്യം | ഉത്തരം |
| ശ്രീ. പി.എ.മാധവൻ<br>,, . വി.റ്റി. ബൽറാം<br>,, . സണ്ണി ജോസഫ്<br>,, . ലൂഡി ലൂയിസ് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സമഗ്ര പോഷകാഹാര നയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) 04.02.14-ലെ സ.ഉ.(സാധാ) നം.08/2014/സാനീവ പ്രകാരം സംസ്ഥാന പോഷകാഹാര നയം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) അങ്കണവാടികൾ വഴി 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അനുപൂരക പോഷകാഹാരം നൽകി വരുന്നു. 6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് അമൃതം ന്യൂട്രിമിക്സ്, ടേക് ഹോം റേഷൻ ആയും 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അവൽ ശർക്കര, കപ്പലണ്ടി മിഠായി, പാൽ, മുട്ട ഇവയിലേതെങ്കിലും രാവിലേയും (മോണിംഗ് സ്നാക്ക്) ചോറ്, ചെറുപയർ, പച്ചക്കറി ഇവയിലേതെങ്കിലും ഉച്ചയ്ക്കും, ഗോതമ്പ് ഉപ്പുമാവ്, റവ ഉപ്പുമാവ്, പായസം ഇവയിലേതെങ്കിലും വൈകുന്നേരവും നൽകി വരുന്നു. ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് റവ ഉപ്പ്മാവ്, ഗോതമ്പ് ഉപ്പ്മാവ് ഇവയിലേതെങ്കിലും നൽകുന്നു. അങ്കണവാടികൾ വഴി നൽകി വരുന്ന പോഷകാഹാരങ്ങളിൽ കേന്ദ്ര സർക്കാർ നിഷ്ക്കർഷിക്കുന്ന അളവിൽ കലോറി പ്രോട്ടീൻ അടങ്ങിയിരിക്കണമെന്ന് കർശന നിർദ്ദശം നൽകിയിട്ടുണ്ട്. നിലവിലുള്ള ഐസിഡിഎസ് സംവിധാനം സമഗ്രമായി പരിഷ്കരിച്ച് |

| | |
|---|---|
| | ഐ.സി.ഡി.എസ് മിഷൻ ആക്കുന്നതു വഴി നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും ഉണ്ടാകുന്നതാണ്. |
| (സി) പോഷകാഹാരത്തിന്റ പ്രാധാന്യത്തെക്കുറിച്ച് പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നല്കുമോ; | (സി) പോഷകാഹാരത്തിന്റെ പ്രാധാന്യം, സമീകൃതാഹാരം, അവയുടെ ലഭ്യത, ഇവയുടെ വിശദാംശങ്ങൾ അതത് ക്ലാസ്സുകൾക്കനുസരിച്ച് ശാസ്ത്ര പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) സമഗ്ര പോഷകാഹാര പദ്ധതിയുടെ വിജയത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഏതു രീതിയിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്? | (ഡി) ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഇപ്പോൾ പൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കിവരുന്നത്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി പൂരക പോഷകാഹാര പരിപാടിയുടെ ചെലവ്, മോണിറ്ററിംഗ് എന്നിവ പ്രാഥമികമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. |

സെക്ഷൻ ഓഫീസർ